11/646/2016

# രണ്ടാം പാദവാർഷിക മൂല്യനിർണയം - 2016-17

**B**

## മലയാളം - I

## കേരളപാഠാവലി

സ്റ്റാൻഡേർഡ്: X

സമയം: 1½ മണിക്കൂർ
സ്കോർ: 40

**നിർദേശങ്ങൾ**

- പതിനഞ്ച് മിനുട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1 · പട്ടിക ക്രമീകരിക്കുക 4

| രചന | രചയിതാവ് | സംഭാഷണം/വരികൾ |
|---|---|---|
| ഞാൻ കഥാകാരനായ കഥ | പെരുമ്പടവം ശ്രീധരൻ | പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ |
| അശ്വമേധം | ശരൺകുമാർ ലിംബാളെ | ദൈവത്തെ മറന്നു കളിക്കണ്ടാ എന്നും പറയണം |
| ഒരു സങ്കീർത്തനംപോലെ | എസ്.കെ. പൊറ്റെക്കാട്ട് | എന്റെ സത്യസന്ധത എനിക്കു നല്കിയ ആനന്ദം ആ മുപ്പതു രൂപയെക്കാൾ എത്രയോ വലുതായിരുന്നു |
| അക്കർമാശി | വയലാർ | എനിക്കീ നോവൽ അത്രവേഗം തീർക്കണമെന്നില്ല. |

2) ഉപദേശത്തിന്റെ കുറവുകൊണ്ടാണോ മനുഷ്യൻ ചീത്തയാകുന്നത്? 1

- ഈ വാക്യത്തിന്റെ ആശയവുമായി ഏറ്റവും അടുത്തുനിൽക്കുന്ന വാക്യമേത്?

എ) ഉപദേശത്തിന്റെ കുറവുകൊണ്ടാണ് മനുഷ്യൻ ചീത്തയാകുന്നത്.

ബി) ഉപദേശമാണ് മനുഷ്യന്റെ എല്ലാ കുറവുകൾക്കും കാരണം.

സി) ഉപദേശത്തിന്റെ കുറവുകൊണ്ടല്ല മനുഷ്യൻ ചീത്തയാകുന്നത്.

ഡി) ഉപദേശം കൂടിയതുകൊണ്ട് മാത്രമാണ് മനുഷ്യൻ ചീത്തയാകുന്നത്.

3) ആ <u>ഹൃദയോന്നതിക്കു</u> മുമ്പിൽ, ആ ആഭിജാത്യത്തിനു മുമ്പിൽ ഒരിറ്റു കണ്ണുനീർ തൂകാതിരിപ്പാൻ ആർക്കു സാധിക്കും?

- അടിവരയിട്ട പദം വിഗ്രഹിച്ചെഴുതിയാൽ 1

എ) ഹൃദയമാകുന്ന ഉന്നതി.

ബി) ഹൃദയത്തിന്റെ ഉന്നതി.

സി) ഹൃദയവും ഉന്നതിയും.

ഡി) ഹൃദയംപോലെയുള്ള ഉന്നതി.

4) "ആരൊരാളെൻ കുതിരയെക്കെട്ടുവാൻ
ആരൊരാളതിൻ മാർഗം മുടക്കുവാൻ?"

തന്നിരിക്കുന്ന വരികളിലെ കാവ്യപരമായ രണ്ടു സവിശേഷതകൾ കണ്ടെത്തിയെഴുതുക. 2

5) "ദുഷ്കരമായിട്ടൊന്നുമില്ല കേൾ
മത്സഹായമുണ്ടായാലേവനും."

- കലിയുടെ ഈ വാക്കുകൾ പ്രലോഭനം എന്ന ശീർഷകത്തെ പ്രതിഫലിപ്പിക്കുന്നുണ്ടോ? കണ്ടെത്തിയെഴുതുക. 2

**6 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിനു മാത്രം ഉത്തരമെഴുതുക.**

**(ഓരോന്നിനും 4 സ്കോർ വീതം)**

6) വാറുപൊട്ടിയ ചെരുപ്പ് അവിടെയുള്ള ഒരു ചെരുപ്പുകുത്തിയെക്കൊണ്ട് നന്നാക്കിക്കാൻ പറഞ്ഞു സാന്താമായി. എന്നാൽ സാന്താമായി ഒരു 'മഹാർ' ആണെന്നു മനസ്സിലായപ്പോൾ ചെരുപ്പുകുത്തി ചെരുപ്പു നന്നാക്കാൻ കൂട്ടാക്കിയില്ല. (അക്കർമാശി)

- ചെരുപ്പുകുത്തിയുടെ ഈ സമീപനം സാമൂഹ്യജീവിതാവസ്ഥയെക്കുറിച്ച് നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം? വിശദമാക്കുക

7) 'ഏതോ ശാപനിലത്തിന്റെ മധ്യത്തിൽ തോൽവികളും തകർച്ചകളും നഷ്ടങ്ങളും അവമാനങ്ങളും സഹിച്ച് ഇങ്ങനെ ജീവിതം തുടരുന്നതിൽ എന്തർഥമാണുള്ളത്?'

'എല്ലാവരിൽനിന്നും ഒറ്റപ്പെട്ട് തികച്ചും ഏകാകിതയിൽ..'

- വാക്യങ്ങൾ വിശകലനം ചെയ്ത് ദസ്തയേവ്സ്കിയുടെ ജീവിതാവസ്ഥയെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

8) "അതിനെ, അവനെ എപ്പോഴും എവിടെയും കരുതിയിരുന്നുകൊള്ളുക എന്ന താക്കീതാണ്, അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവവ്യാപിയുമായി കല്പിച്ചതിനർഥം."

- മാരാരുടെ ഈ നിരീക്ഷണം ഇക്കാലത്തും പ്രസക്തമാണോ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

9. • അവർ കണ്ണീരിൽക്കലർത്തി പറഞ്ഞ കഥകൾ എന്നെ വികാരപരവശനാക്കി.

• എരിയുന്ന നെഞ്ചും പൊരിയുന്ന വയറുമായി നരകിക്കുന്ന ഒരു ദരിദ്രമാതാവിന്റെ...............

- ഞാൻ കഥാകാരനായ കഥ

ഇത്തരം ഭാഷാശൈലി ഈ അനുഭവക്കുറിപ്പിനെ ഭാവതീവ്രമാക്കുന്നുണ്ടോ? പാഠഭാഗത്തുനിന്നും കൂടുതൽ തെളിവുകൾ കണ്ടെത്തി വിലയിരുത്തുക.

**10 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിനു മാത്രം ഉത്തരമെഴുതുക**

**(ഓരോന്നിനും 6 സ്കോർ വീതം)**

10 ഉപന്യാസം തയാറാക്കുക

- "സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
  സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും."
- 'ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
  പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ!"

തന്നിരിക്കുന്ന വരികളും അശ്വമേധത്തിൽ നിന്നും പ്രസക്തമായ മറ്റു സന്ദർഭങ്ങളും വിശകലനം ചെയ്ത് 'മനുഷ്യപക്ഷത്തു നില്ക്കുന്ന കവിയാണ് വയലാർ' എന്ന വിഷയത്തെക്കുറിച്ച് ലഘൂപന്യാസം തയാറാക്കുക.

11 കഥാപാത്രനിരൂപണം തയാറാക്കുക

'ഞാൻ യജ്ഞം ചെയ്തു, ഭരിക്കേണ്ടവരെ ഭരിച്ചു; ഭൂമിയടക്കി വാണു. ശത്രുക്കളുടെ തലയിൽ കാൽ വച്ചു - ആർക്കുള്ളു എന്റേതിനേക്കാൾ നല്ല അവസാനം?'

'എന്റെ സഹോദരി, ദുശ്ശള, അവളുടെ ഭർത്താവും സഹോദരന്മാരും മരിച്ചതു കേട്ടു കരഞ്ഞുകരഞ്ഞ് എന്താവുമോ, ആവോ!' (യുദ്ധത്തിന്റെ പരിണാമം)

മുകളിൽ നല്കിയ സൂചനകൾ പ്രയോജനപ്പെടുത്തി ദുര്യോധനൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

12 • പഴുതേ ഞാനെന്തേ പലവക പറഞ്ഞുകേൾപ്പിക്കുന്നു?

• പുഷ്കര, നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ.

• പാരിലെന്നെയിന്നാരറിയാതവർ?
  വൈരി വൈരസേനിക്കിഹ ഞാൻ കലി.

- തന്നിരിക്കുന്ന കാവ്യസന്ദർഭങ്ങൾ വിശകലനം ചെയ്ത് ഉണ്ണായിവാര്യരുടെ രചനാസവിശേഷതകളെക്കുറിച്ച് ലഘുനിരൂപണം തയാറാക്കുക. (കഥാപാത്രസൃഷ്ടി, നാടകീയത, ഭാഷാശൈലി എന്നിവ പരിഗണിക്കണം.)

13. ആസ്വാദനക്കുറിപ്പ് തയാറാക്കുക 6

**ഞാൻ**

പൂവുകളായിരം കീറിമുറിച്ചു ഞാൻ
പൂവിന്റെ സത്യം പഠിക്കാൻ!
ഹൃദയങ്ങളായിരം കൊത്തിനുറുക്കി ഞാൻ
ഹൃദയത്തിൻ തത്വം പഠിക്കാൻ!
ഭൂമിതൻ കന്യയെ ക്കാട്ടിൽക്കളഞ്ഞു ഞാൻ
ഭൂപാലധർമ്മം പുലർത്താൻ!
ഒരു നൂറു വിഗ്രഹം തച്ചുതകർത്തു ഞാൻ
ഒരു പുതുവിഗ്രഹം തീർക്കാൻ!
നൂറു സഹോദരരെക്കൊന്നു ഞാ; നഞ്ചു-
പേർ 'കുരുക്ഷേത്രം' ജയിക്കാൻ!
പെരുവിരൽ ദക്ഷിണ ചോദിച്ചു ഞാൻ, ശിഷ്യൻ
വിരുതനായ് വില്ലെടുത്തപ്പോൾ!
ദീപങ്ങളൊക്കെക്കെടുത്തി ഞാൻ പ്രാർഥിച്ചു;
'ദീപമേ! നീ നയിച്ചാലും!.........'
കുടിയിരുത്തീടുവാൻ ശാന്തിയെ, യുദ്ധത്തിൽ
ചുടലകളെത്ര ഞാൻ തീർത്തു!
ഈ യുഗത്തിന്നിതിഹാസത്തിലുണ്ടെന്റെ
യീ വീരസാഹസചിത്രം:
ഒരു തത്വശാസ്ത്രത്തിൻ തൈ നട്ടു ഞാ; നെന്നും
പിഴുതുനോക്കുന്നു വേരെണ്ണാൻ!

*ഒ. എൻ.വി. കുറുപ്പ്*

ആശയം, ആനുകാലികത, ആസ്വാദനാംശങ്ങൾ എന്നിവ പരിഗണിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുക *(ഭൂപാലൻ -രാജാവ്)*